**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 8013**

**16/07/2014-ൽ മറുപടിയ്ക്ക്**

## ഈറ്റ,പനമ്പ് മേഖലയിലെ പ്രതിസന്ധി

**ചോദ്യം**
**ശ്രീ.എം.എ.ബേബി**

**ഉത്തരം**
**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പരമ്പരാഗത വ്യവസായമായ ഈറ്റ,പനമ്പ് മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ & ; (ബി) എങ്കിൽ ഇത് പരിഗണിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) (ബി) ഈറ്റ, പനമ്പ് മേഖലയുമായി ബന്ധപ്പെട്ട് കാര്യമായ പ്രതിസന്ധികളൊന്നും നിലനിൽക്കുന്നില്ല. സംസ്ഥാന ബാംബൂ കോർപ്പറേഷന് പനമ്പിന്റെ വിപണിയിൽ നേരിട്ടിട്ടുള്ള മാന്ദ്യം നേരിടാൻ വിപണി വിപുലപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത വ്യവസായമായ മുള അനുബന്ധ മേഖലകളിൽ പ്രായോഗിക സാങ്കേതിക പരിജ്ഞാന കുറവ്, വിപണന സാദ്ധ്യതയിലെ കുറവ്, കുറഞ്ഞ ഉല്പാദന ക്ഷമത, ഉൽപന്നങ്ങളിലെ വൈവിദ്ധ്യമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സംസ്ഥാന ബാംബൂ മിഷൻ ബാഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി സഹകരിച്ച് പരിശീലകർക്ക് വേണ്ടിയുള്ള പരിശീലനം നൽകി വരുന്നു. വിപണന ശൃംഖല ശക്തമാക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്യുന്നു. മുളകൊണ്ട് കരകൌശല വസ്തുക്കൾ ഉണ്ടാക്കുന്ന വിദഗ്ധരെ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുപ്പിച്ചു. മുളകൊണ്ട് നൂതനമായ വസ്തുക്കൾ നിർമ്മിക്കുന്നതിനായുള്ള പരിശീലകരുടെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ ബാഗ്ലൂർ ആസ്ഥാനത്ത് |

നടത്തി. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക് വേണ്ടി വിവിധ ജില്ലകളിൽ കരകൗശല പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിലില്ലായ്മ കാരണമുള്ള ജീവിത പ്രയാസം പരിഹരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾക്കെല്ലാം തന്നെ തൊഴിലും, ചെയ്യുന്ന തൊഴിലിനനുസൃതമായ കൂലിയും കൃത്യമായി നൽകുന്നുണ്ട്. |

Amadeus

സെക്ഷൻ ഓഫീസർ